**കേരള സർക്കാർ**

സംഗ്രഹം

ഉന്നത വിദ്യാഭ്യാസ വകുപ്പ്- കരിയർ അഡ്വാൻസ്മെന്റ് പ്ലേസ്മെന്റ് വ്യവസ്ഥകളിൽ ഇളവു വരുത്തിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതി, ശ്രീമതി. ബീന.വി (അസോസിയേറ്റ് പ്രൊഫസർ, ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ) ജോലിയിൽ പ്രവേശിച്ച തീയതി എന്നിവ രേഖപ്പെടുത്തിയതിൽ വന്ന പിശക് തിരുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ്

സ. ഉ. (കൈ) നം.88/2018/ഉ.വി.വ. തീയതി, തിരുവനന്തപുരം, 02.05.2018.

പരാമർശം:- 1. 07.12.2010 ലെ സ.ഉ(പി) 389/10/ഉ.വി.വ. നമ്പർ സർക്കാർ ഉത്തരവ്.

2. 27.03.2017 ലെ സ.ഉ(കൈ) നം. 83/2017/ഉ.വി.വ. നമ്പർ സർക്കാർ ഉത്തരവ്.

3. ശ്രീമതി. ബീന. വി, അസോസിയേറ്റ് പ്രൊഫസർ, ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ സമർപ്പിച്ച 27.04.2017 ലെ അപേക്ഷ.

4. ശ്രീമതി. കെ.പ്രമീളകുമാരി, അസോസിയേറ്റ് പ്രൊഫസർ, ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ സമർപ്പിച്ച 29.06.2017 ലെ അപേക്ഷ.

5. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 12.07.2017, 28.07.2017 തീയതികളിലെ സി.എ.എസ്/19598/17/ഡി.ടി.ഇ നമ്പർ കത്തുകൾ.

**ഉത്തരവ്**

പരാമർശം (1) ലെ ഉത്തരവിൽ കരിയർ അഡ്വാൻസ്മെന്റ് പ്ലേസ്മെന്റ് നൽകുന്നതിന് നിഷ്കർഷിച്ചിരുന്ന വ്യവസ്ഥകളിൽ ഇളവു നൽകി, 20.08.1990 ൽ നിലവിൽ വന്ന സ്പെഷ്യൽ റിക്രൂട്ട്മെന്റ് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിച്ചവർക്കും ഈ ആനുകൂല്യം നൽകികൊണ്ട്, സൂചന (2) പ്രകാരം ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിച്ച ശ്രീമതി. ബീന. വി, ശ്രീമതി. കെ. പ്രമീളകുമാരി എന്നിവർ യഥാക്രമം 10.10.1990, 24.09.1990 എന്നീ തീയതികളിൽ ജോലിയിൽ പ്രവേശിച്ചവരാണ്. എന്നാൽ പരാമർശം (2) ലെ ഉത്തരവിൽ ടി റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതി 28.08.90 എന്നും ശ്രീമതി. ബീന. വി, ജോലിയിൽ പ്രവേശിച്ച തീയതി 01.10.1990 എന്നും തെറ്റായി രേഖപ്പെടുത്തുകയുണ്ടായി. ഈ പിശക് തിരുത്തണമെന്നഭ്യർത്ഥിച്ചുകൊണ്ട് ശ്രീമതി. ബീന. വി, ശ്രീമതി. കെ. പ്രമീളകുമാരി എന്നിവർ യഥാക്രമം പരാമർശം (3), (4) പ്രകാരം സമർപ്പിച്ച അപേക്ഷകൾ പരാമർശം (5) പ്രകാരം, തുടർ നടപടിയ്ക്കായി, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന് ലഭ്യമാക്കി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതി 28.08.1990 എന്നും ശ്രീമതി. ബീന.വി (അസോസിയേറ്റ് പ്രൊഫസർ, ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ) ജോലിയിൽ പ്രവേശിച്ച തീയതി 01.10.1990 എന്നും തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നതിനു പകരം ഇവ യഥാക്രമം 20.08.1990 എന്നും 10.10.1990 എന്നും തിരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശം (2) ലെ സർക്കാർ ഉത്തരവ് ഇപ്രകാരം ഭേദഗതി ചെയ്തിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എ.ജയിംസ് രാജ്**

**ജോയിന്റ് സെക്രട്ടറി**

വകർപ്പ്

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ശ്രീമതി. ബീന. വി. അസോസിയേറ്റ് പ്രൊഫസർ, ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ

ശ്രീമതി. പ്രമീളകുമാരി, അസോസിയേറ്റ് പ്രൊഫസർ, ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള ബ്രാഞ്ച് ഓഫീസ്, കോട്ടയം.

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര - പൊതുജന സമ്പർക്ക വകുപ്പ്.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ